# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4320** **13/12/2018-ൽ മറുപടിയ്ക്ക്**

## സംസ്ഥാന സഹകരണ ബാങ്കിലെ പ്രൊമോഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമ പ്രകാരമാണോ ഇപ്പോൾ പ്രൊമോഷൻ നൽകുന്നത്; | (എ) | സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമപ്രകാരമാണ് പ്രൊമോഷൻ നൽകി വരുന്നത്. |
| (ബി) | ഇതിനുവിരുദ്ധമായി ആർക്കെല്ലാം പ്രൊമോഷൻ നൽകിയിട്ടുണ്ട്; | (ബി) യും (സി) യും | സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമപ്രകാരമാണ് പ്രൊമോഷൻ നൽകി വരുന്നതെങ്കിലും സംസ്ഥാന സഹകരണ ബാങ്കിൽ ബിൽ കളക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.രാമാനുജം.എസ്, ശ്രീ.രാജു.എ.ജെ, ശ്രീ.സഹദേവൻ.എ.വി, ശ്രീ. വിജയകുമാർ. എസ് എന്നിവർക്ക് ആർബിട്രേഷൻ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽ കളക്ടർ തസ്തികയുടെ ഉദ്യോഗക്കയറ്റ തസ്തികയായ ക്യാഷ് അസിസ്റ്റന്റ്/ഗോൾഡ് അപ്രൈസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. |
| (സി) | പ്രൊമോഷൻ നൽകിയവരുടെ പേരുവിവരം അറിയിക്കാമോ; | | |
| (ഡി) | ഇവർക്ക് ഏത് നിയമപ്രകാരമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | ബഹുമാനപ്പെട്ട സഹകരണ ആർബിട്രേഷൻ കോടതിയുടെ എ.ആർ.സി 4/2015-ാം നമ്പറിന്റെ 05.01.2018 ലെ അവാർഡ് പ്രകാരം ടി കേസ്സിലെ പരാതിക്കാരായ ശ്രീ.രാമാനുജം. എം.എസ്, ശ്രീ.രാജു.എ.ജെ, ശ്രീ.സഹദേവൻ. എ.വി, ശ്രീ.വിജയകുമാർ. എസ് എന്നിവർക്ക് ബാങ്കിന്റെ |

| | | | |
|---|---|---|---|
| | | | അംഗീകൃത റിക്രൂട്ട്മെന്റ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 10-ാം ക്ലാസ് പാസ്സാകണം എന്ന വിദ്യാഭ്യാസ യോഗ്യത കണക്കിലെടുക്കാതെ സ്ഥാനക്കയറ്റം നൽകണമെന്ന് ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ പേര് പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് സംസ്ഥാന സഹകരണ ബാങ്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**